വളരെ അടിയന്തരം

ഭരണഭാഷ മാതൃഭാഷ

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം: ഇ7/2895/2019/സിഇ/തസ്വഭവ

തീയതി:2.03.2019

## സർക്കുലർ

സർ,

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം -നബാർഡ് RIDF മുഖേന നിർമ്മിച്ച അംഗനവാടി കെട്ടിടങ്ങളുടെ റീംബേഴ്സ്മെന്റ് ക്ലെയിം സമർപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) DO Letter No. 951052/NCA1/31/2018/Fin dated 25.01.2019
2) DO Letter No. 951052/NCA1/31/2018/Fin dated 12.02.2019

സർക്കാരിന്റെ സൂചന (1), (2) എന്നീ DO letter പ്രകാരം, നബാർഡ് RIDF Tranche-XIX പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണം പൂർത്തീകരിച്ച അംഗനവാടികളുടെ കെട്ടിട നിർമ്മാണ തുക അനുവദിക്കുന്നതിനുള്ള റീംബേഴ്സ്മെന്റ് ക്ലെയിം അപേക്ഷ 15.03.2019 ന് മുമ്പ് ധനകാര്യ (നോഡൽ - എ) വകുപ്പിന് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതു പ്രകാരം ഈ ഓഫീസിൽ നിന്നും എല്ലാ ജില്ലകൾക്കും നിർദ്ദേശങ്ങൾ നൽകിയിരുന്നു. Google Sheet മുഖേന പ്രസ്തുത വിവരങ്ങൾ ക്രോഡീകരിച്ച് നൽകുന്നതിന് റീംബേഴ്സ്മെന്റ് ക്ലെയിം സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുകയും, 01/03/2019 ൽ നടന്ന Video Conference ൽ ടി പദ്ധതി 2019 മാർച്ച് 31 ന് അവസാനിക്കുന്ന വിവരവും റീംബേഴ്സ്മെന്റ് ക്ലെയിം അടിയന്തിരമായി സമർപ്പിക്കുന്നതിന്റെ ആവശ്യകതയും അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ നബാർഡ് RIDF പദ്ധതി മുഖേന നിർമ്മിക്കുന്ന അംഗനവാടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് റീംബേഴ്സ്മെന്റ് ക്ലെയിമിനുള്ള അപേക്ഷ ഈ കാര്യാലയത്തിൽ 07.03.2019 ന് മുമ്പ് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത അപേക്ഷകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വശം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ബന്ധപ്പെട്ട സെക്ഷനിൽ സമർപ്പിച്ച് പരിശോധനയ്ക്ക് വിധേയമാക്കി ന്യൂനതകൾ ഇല്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. 07.03.2019 ന് ശേഷം ഈ കാര്യാലയത്തിൽ ലഭ്യമാകുന്ന അപേക്ഷകൾ പരിഗണിക്കുന്നതിന് നിർവ്വാഹമില്ലാത്തതാണ് എന്ന വിവരം അറിയിക്കുന്നു. ആയതിനാൽ ടി വിഷയത്തിൽ എന്തെങ്കിലും തരത്തിലുള്ള വീഴ്ചകൾ ഉണ്ടായാൽ ആയതിന്റെ പൂർണ്ണമായ ഉത്തരവാദിത്വം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ/ ഇംപ്ലിമെന്റിംഗ് ഓഫീസർമാരിൽ നിക്ഷിപ്തമാണെന്ന വിവരം കൂടി അറിയിക്കുന്നു.

ചീഫ് എഞ്ചിനീയർ

പകർപ്പ് 1) എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
2) എല്ലാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും, എല്ലാ അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും
3) ചീഫ് എഞ്ചിനീയറുടെ വെബ്സൈറ്റ്
4) സ്റ്റോക്ക് ഫയൽ